# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1554**

**06.03.2017 - ൽ**
**മറുപടിക്ക്**

## അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ജോലി സാദ്ധ്യത

| **ചോദ്യം**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
| --- | --- |
| **എ)** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ നിന്നും പഠിച്ച് പുറത്തിറങ്ങുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ വേണ്ടത്ര ജോലി സാദ്ധ്യതയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | **എ)** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കേളപ്പജി കാർഷിക എഞ്ചിനീയറിംഗ് കോളേജിൽ നിന്നും ബി.ടെക് (അഗ്രി. എഞ്ചിനീയറിംഗ്) കോഴ്സ് പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ്, സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് എന്നിവയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലും ബാങ്കിംഗ് മേഖലയിലെ പ്രൊബേഷണറി ഓഫീസർ (സ്പെഷ്യലിസ്റ്റ് ഓഫീസർ), നബാർഡ് (മാനേജർ), കെയ്കോ, കാംകോ ഇടങ്ങിയവയിലും ജോലി സാദ്ധ്യതകൾ ഇപ്പോൾ നിലവിലുണ്ട്. |
| **ബി)** ജില്ലാതലത്തിൽ നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിനോട് ചേർന്ന് ഓരോ കാർഷിക എഞ്ചിനീയറിംഗ് ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിച്ച് ഇവരുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | **ബി)** ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**